'ഭരണഭാഷ- മാതൃഭാഷ'

# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 864 — 05.02.2020ലെ മറുപടിയ്ക്ക്

### കോന്നി മണ്ഡലത്തിലെ വന്യമൃഗശല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.യു. ജനീഷ് കമാർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) കോന്നി മണ്ഡലത്തിൽ വന്യമൃഗശല്യം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കോന്നി മണ്ഡലത്തിൽ വന്യമൃഗശല്യം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതും അവയുടെ ആക്രമണത്തിൽ ആളുകൾക്ക് പരിക്കേല്ക്കുന്നതും വ്യാപകമാകുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതിന്റെയും അവയുടെ ആക്രമണത്തിൽ ആളുകൾക്ക് പരിക്കേൽക്കുന്നതിന്റെയും അളവ് കൂടിയിട്ടുണ്ട്. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളുടെ എണ്ണം വർഷം പ്രതി വർദ്ധിച്ച വരുന്നുമുണ്ട്. |
| (സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് ജീവനും സ്വത്തിനും സംരക്ഷണം നല്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (സി) വനാതിർത്തിയോട് ചേർന്ന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സൗരോർജ്ജ വേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വനം വകുപ്പും സംയുക്തമായി ജനജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. അത്യാവശ്യ ഘട്ടങ്ങളിലും, അല്ലെങ്കിൽ മൂന്നു മാസത്തിലൊരിക്കൽ ജനജാഗ്രതാ സമിതി കൂടി സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്. നാട്ടിലിറങ്ങി മനുഷ്യന്റെ ജീവനും, സ്വത്തിനും നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ നിയമാനുസൃതം ഒഴിവാക്കുന്നതിന് ജനജാഗ്രതാ സമിതികളുടെ ശിപാർശ പ്രകാരം നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ഡി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്കേല്ക്കുന്നവർക്കും കൃഷിനശിച്ചവർക്കും എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം കോന്നി നിയോജകമണ്ഡലത്തിൽ നല്കിയിട്ടുള്ളത്; വിശദവിവരം നല്കുമോ; | (ഡി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൃഷിനാശം സംഭവിച്ചതിന് മാത്രം നഷ്ടപരിഹാരം ലഭിക്കുന്നതിനായി 1 9 7 അപേക്ഷകൾ ലഭിക്കുകയും, അതിൽ 1 5 7 എണ്ണത്തിന് നഷ്ടപരിഹാരമായി 15,98,524/- രൂപ അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 4 0 അപേക്ഷകർക്ക് നഷ്ടപരിഹാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയതിന് മാത്രം നഷ്ടപരിഹാരം ലഭിക്കുന്നതിനായി 16 5 അപേക്ഷകൾ ലഭിക്കുകയും അതിൽ 1 4 7 അപേക്ഷകർക്ക് നഷ്ടപരിഹാരമായി 36,97,035/- രൂപ അനുവദിച്ച് നല്കിയിട്ടുള്ളതാണ്. |
| (ഇ) ഇതുവരെ കോന്നി നിയോജകമണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്രപേർക്ക് നഷ്ടപരിഹാരം നല്കി; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കുമോ? | (ഇ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൃഷിനാശം, വന്യജീവി ആക്രമണം, കന്നുകാലി നഷ്ടം, വീടിനും സ്വത്തിനുമുള്ള നാശനഷ്ടം, വന്യജീവി ആക്രമണം കാരണമുള്ള മരണം എന്നീ ഇനങ്ങളിൽ നഷ്ടപരിഹാരത്തിനായി ആകെ 4 5 8 അപേക്ഷകൾ ലഭിച്ചു. അതിൽ 376 എണ്ണത്തിന് നഷ്ടപരിഹാരം നല്കി. ബാക്കി 82 എണ്ണത്തിന് നഷ്ടപരിഹാരം നല്കുന്നതിനായി അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്. |

Sd/-

സെക്ഷൻ ഓഫീസർ